No.KDFWF/D/965/2014

കേരള ക്ഷീരകർഷക ക്ഷേമനിധി ,

തിരുവനന്തപുരം ,11.04.2016

# സർക്കുലർ -1/2016-17

വിഷയം :- ക്ഷീരകർഷക ക്ഷേമനിധി - വിവിധ ധനസഹായങ്ങളുടെ അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നത് സംബന്ധിച്ച്.

ക്ഷീരകർഷക ക്ഷേമനിധിയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ സോഫ്റ്റ് വെയറായ ക്ഷീരജാലകം ഇപ്പോൾ പരിപൂർണ്ണമായും പ്രവർത്തനസജ്ജമാണ്. ഫീൽഡ് തലത്തിലെ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഘട്ടം ഘട്ടമായാണ് ഓരോ ധനസഹായ അപേക്ഷകളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റി വരുന്നത്.

01.04.2015 മുതൽ ക്ഷേമനിധി അംഗത്വം പൂർണ്ണമായും ഓൺലൈൻ മുഖേന ആക്കിയിട്ടുണ്ട്.

01.04.2016 മുതൽ ക്ഷേമനിധി പെൻഷൻ അപേക്ഷയും, കുടുംബപെൻഷൻ അപേക്ഷയും, മരണാനന്തരധനസഹായ അപേക്ഷയും, വിവാഹധനസഹായ അപേക്ഷയും ഓൺലൈൻ മുഖേന മാത്രമേ അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു. 31.03.2016 വരെ ക്ഷീരവികസന ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പഴയ രീതിയിൽ സമർപ്പിക്കാം.

ക്ഷീരസുരക്ഷ അപേക്ഷ, വിദ്യാഭ്യാസ ധനസഹായ അപേക്ഷ, മികച്ച ക്ഷീരകർഷക അവാർഡിനുള്ള അപേക്ഷ എന്നിവ നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകാൻ പോകുന്ന സ്കീം പ്രകാരമുള്ളത് ഓൺലൈൻ മുഖേന മാത്രമേ അപേക്ഷിക്കുവാൻ സാധിക്കുകയുള്ളു. നിലവിലുള്ള സ്കീം പ്രകാരം വരുന്ന അപേക്ഷകൾ പഴയ രീതിയിൽ സമർപ്പിക്കാം.

കൂടാതെ പഴയ രീതിയിൽ സമർപ്പിച്ച ന്യൂനത ആയിട്ടുള്ള എല്ലാ അപേക്ഷകളും പഴയ രീതിയിൽ തന്നെ ന്യൂനത പരിഹരിച്ച് സമർപ്പിക്കാം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ് :- 1) ചെയർമാൻ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2) സ്റ്റേറ്റ് നോഡൽ ഓഫീസർ, ക്ഷീരകർഷക ക്ഷേമനിധി
3) ജില്ല ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
4) ജില്ലാ നോഡൽ ഓഫീസർമാർ
5) ക്ഷീരവികസന ഓഫീസർ, ക്ഷീരവികസന വകുപ്പ്
6) ശേഖരസഞ്ചയം